മാവോവാദിയെന്നാരോപിച്ച് രാജ്യദ്രോഹകുറ്റം ചുമത്തി ഛത്തീസ്ഗഢ് ഗവൺമെന്റ് ജയിലിലടച്ച സാമൂഹ്യപ്രവർത്തകനും പി.യു.സി.എൽ. വൈസ് പ്രസിഡണ്ടുമായ ഡോ. ബിനായക് സെന്നിന് സുപ്രീംകോടതി ജാമ്യമനുവദിച്ചു. 2007 മെയ് 14-ന് അറസ്റ്റിലായ ബിനായക് സെൻ രണ്ടുവർഷമായി റായ്പൂർ സെൻട്രൽ ജയിലിൽ കഴിയുകയായിരുന്നു. ഛത്തീസ്ഗഢ് സർക്കാരിന്റെ ഒത്താശയോടെ രൂപംകൊണ്ട സാൽവാജുദൂം എന്ന സായുധ ഗ്രൂപ്പിന്റെ ക്രൂരകൃത്യങ്ങൾ പുറംലോകത്തെ അറിയിക്കാൻ അദ്ദേഹം നടത്തിയ ശ്രമങ്ങൾക്ക് പ്രതികാരമായാണ് ബിനായക് സെന്നിനെ ഭരണകൂടം ജയിലിലടച്ചത്. അദ്ദേഹത്തിന് ജാമ്യം ലഭിച്ചെങ്കിലും ഛത്തീസ്ഗഢിൽ സംശയത്തിന്റെ പേരിൽ നിരവധിപേർ ഇപ്പോഴും ജാമ്യം ലഭിക്കാതെ ജയിലിനുള്ളിൽ കഴിയുകയാണ്. ആദിവാസികൾക്കെതിരെയുള്ള സാൽവാജുദൂമിന്റെ പീഢനങ്ങൾ സർക്കാരിന്റെ ഒത്താശയോടെ തുടരുന്നു. ബിനായക് സെന്നിനെ മോചിപ്പിക്കുന്നതിനായി ഇന്ത്യയൊട്ടാകെ നടന്ന കാമ്പയിനുകളിൽ ഛത്തീസ്ഗഢിലെ ഭരണകൂട-സൽവാജുദൂം ഭീകരതയ്ക്കെതിരെയുള്ള ഒരു ജനകീയ പ്രക്ഷോഭമായി മാറിയിരിക്കുന്നു. **ജയിലിലായിരുന്ന ബിനായക് സെന്നിന്റെ ആത്മാവ് ഹിമാൻഷു കുമാറിനെ പിന്തുണച്ചതെങ്ങിനെ?**

# ബിനായക് സെൻ എന്തിനെയാണ് പിന്താങ്ങുന്നത്

സന്ദീപ് പാണ്ഡെ

പരിഭാഷ : അഥീന സുന്ദർ

രണ്ടു വർഷത്തോളം നീണ്ടുനിന്ന അപൂർവ്വമായ ദേശീയ അന്തർദേശീയ കാമ്പയിനുകൾക്കുശേഷം ബിനായക് സെന്നിനെ റായ്പൂർ ജയിലിൽനിന്നും ജാമ്യത്തിൽ മോചിപ്പിച്ചു. എങ്കിലും തന്നെപ്പോലെ ഇനിയും ജയിലറകൾക്കുള്ളിൽ കഴിച്ചുകൂട്ടേണ്ട ആയിരങ്ങളെയോർത്ത് അദ്ദേഹം ദുഃഖിതനാണ്, അവർക്കു വേണ്ടി ശബ്ദമുയർത്താൻ ആരുമില്ലെന്ന് അറിഞ്ഞുകൊണ്ടുതന്നെ. എന്നാൽ ചലചിത്ര നിർമാതാവ് അജയ് ടി.ജെ യേയും പത്രപ്രവർത്തകൻ സായ് റെഡ്ഡിയേയും പോലുള്ള ചിലർ തെളിവുകളില്ലാത്തതിനാൽ ഭാഗ്യംകൊണ്ട് മോചിതരായെങ്കിലും, പത്രപ്രവർത്തകൻ പ്രശാന്ത് റാഹിയേയും രാഷ്ട്രീയ പ്രവർത്തകൻ അച്ചയ് സാഹുവിനേയും പോലുള്ളവർ ഇപ്പോഴും തടവിലാണ്. ആദ്യത്തെ രണ്ടുപേർ ഛത്തീസ്ഗഢിൽനിന്നും മറ്റു രണ്ടുപേർ ഉത്തർഖണ്ഡിൽനിന്നും ഒറീസ്സയിൽനിന്നുമാണ്.

നക്സലിസത്തിന്റെ പേരും പറഞ്ഞ് ആയുധധാരികളായി നിന്നിരുന്ന ആദിവാസി സംഘത്തെ സാൽവാജുഡൂം തടഞ്ഞത്. പാവപ്പെട്ട ആദിവാസികളെ ഗ്രാമങ്ങളിൽനിന്നും കുടിയൊഴിപ്പിക്കാനും, തുടർന്ന് ഗ്രാമങ്ങൾ പ്രൈവറ്റ് കോർപ്പറേഷന് കൈമാറി പ്രകൃതി വിഭവങ്ങൾ ചൂഷണം ചെയ്ത് ലാഭം കൊയ്യാനുമാണെന്ന് ജയിലിൽനിന്നും മോചിതനായ ശേഷം ബിനായക് സെൻ കൊൽക്കത്തയിൽ പറഞ്ഞു. ആദിവാസികളെ ഗ്രാമങ്ങളിൽനിന്നും നിർബന്ധപൂർവ്വം ഒഴിപ്പിക്കാനായി സാൽവാജുഡൂവും അദോലക് ആദിവാസി പ്രത്യേക പോലീസ് ഓഫീസർ അടങ്ങുന്ന സുരക്ഷാ ഉദ്യോഗസ്ഥരും നക്സലൈറ്റുകളെന്നും നക്സലൈറ്റ് അനുയായികളാണെന്നുമുള്ള കപടന്യായങ്ങൾ പറഞ്ഞ് ആദിവാസികളെ കൊന്നൊടുക്കുകയും ഭീകരവാദഭീതി പരത്തുകയുമായിരുന്നു ചെയ്തത്.

സംസ്ഥാനം പ്രോത്സാഹിപ്പിക്കുന്ന ആക്രമണത്തിനും നക്സലൈററ് ആക്രമണത്തിനും തെളിവാണ് ഛത്തീസ്ഗഢിലെ ബാസ്റ്റർ എന്ന സ്ഥലത്തെ ഒഴിഞ്ഞു കിടക്കുന്ന 644 ഗ്രാമങ്ങൾ. 3 വർഷക്കാലമായി പരിഗണനയിൽ ഇല്ലാത്തതിനാൽ ഇവിടത്തെ മിക്ക വീടുകളും കത്തിനശിക്കുകയും തകർന്ന് വീഴുകയും ചെയ്തിട്ടുണ്ട്. ചില സാധാരണ ആദിവാസികൾ ഈ തീയിൽ അകപ്പെടുകയും മറ്റു ചിലർ കാട്ടിൽ അഭയം തേടുകയും ചെയ്തു. ഇതിൽ 6 പേർ സാൽവാജുഡൂമിന്റെ റോഡരികിലെ ക്യാമ്പിൽ അഭയം തേടി. എന്നാൽ ഭൂരിഭാഗം പേരും എത്തിയില്ല. ക്യാമ്പിൽ എത്തിയവർപോലും അവരുടെ ഗ്രാമങ്ങളിലേക്ക് തിരിയുകയാണ്. പകുതിയോളം പേർ അങ്ങനെ ചെയ്തു കഴിഞ്ഞു. ആന്ധ്രാപ്രദേശിൽനിന്നും ആദിവാസികൾക്ക് അവരവരുടെ വീടുകളിലേക്ക് എത്തുവാനുള്ള സഹായം. ദാൻദ്വാഡാ ജില്ലയിലെ വൻവാസിചേതനാ ആശ്രമം നടത്തുന്ന ഗാന്ധിയൻ പ്രവർത്തകൻ ഹിമാൻഷു കുമാറാണ് ചെയ്തുകൊടുക്കുന്നത്. ആദിവാസികളുടെ അവകാശ ലംഘനത്തെ സംബന്ധിച്ചുള്ള കേസ് സുരക്ഷാ ഉദ്യോഗസ്ഥരേയും എസ്.പി.ഒയേയും സാൽവാജുഡൂമിനേയും

**ആന്ധ്രാപ്രദേശ് അതിർത്തിയിൽ സാൽവാജുദുമിന്റെയും നക്സലേറ്റുകളുടെയും അക്രമം ഭയന്ന് സ്വഭവനങ്ങളിൽനിന്നും ഓടി രക്ഷപ്പെട്ട ആദിവാസികളെ അവരുടെ വീട്ടിലേക്ക് തിരികെയെത്തിക്കാനുള്ള സഹായം ചെയ്ത ഹിമാൻഷു കുമാർ എന്ന ഗാന്ധിയൻ പ്രവർത്തകന്റെ വീടും ആശ്രമവും 2009 മെയ് 17-ന് സർക്കാർ ഒത്താശയോടെ നശിപ്പിച്ചു. സാൽവാജുദൂമിനെതിരെയുള്ള ഒരു നീക്കത്തെയും സർക്കാർ ഇഷ്ടപ്പെടുന്നില്ല എന്നതിനു തെളിവാണിത്.**



മുന്നിൽ നിർത്തി അവർ ഉയർത്തികാണിച്ചു. എന്നാൽ അഡ്മിനിസ്ട്രേഷന് ഹിമാൻഷു ചെയ്യുന്ന കാര്യങ്ങൾ ഒട്ടുംതന്നെ അംഗീകരിക്കാനായില്ല, അതിനാൽ അവർ 2009 മെയ് 17-ാം തിയ്യതിയോടെ അദ്ദേഹത്തിന്റെ വീടുൾപ്പെടെ ആശ്രമം മുഴുവൻ നശിപ്പിച്ചു. ഇത് സർക്കാറിന്റെ സ്വേച്ഛാധിപത്യ നയത്തെ ചൂണ്ടിക്കാണിക്കുന്നു.

നക്സലൈറ്റുകൾ ഒരു വശത്ത് മറുവശത്ത് സാൽവാജുഡൂവയും സുരക്ഷാ ഉദ്യോഗസ്ഥരും, ഇവക്ക് രണ്ടുപേർക്കും ഇടയിൽ ജനാധിപത്യ നീതികൾ ഉയർത്തിപിടിച്ച് അഹിംസയുടെ പ്രതീകമായി ഹിമൻഷു ജനങ്ങളെ പ്രതിനിധീകരിച്ചുകൊണ്ട് അവർക്കുവേണ്ടി വികസനത്തിനും സമാധാനത്തിനുമായി ശബ്ദമുയർത്തുകയാണദ്ദേഹം. ഓരോ സാധാരണ ആദിവാസിക്കും അവരവരുടെ ജനാധിപത്യഅവകാശം ലഭിക്കാൻ അവസരം ഉണ്ടാക്കി കൊടുക്കുകയാണ് അദ്ദേഹം,. ഉദാഹരണത്തിന് എവിടെയെല്ലാം നക്സലൈറ്റുകൾ വോട്ട് ബഹിഷ്കരിക്കണമെന്ന് ആവശ്യപ്പെട്ടുവോ അവിടെയെല്ലാം അദ്ദേഹം ജനങ്ങൾക്ക് പ്രചോദനം നൽകികൊണ്ട് അവരോട് തിരഞ്ഞെടുപ്പ് പ്രക്രിയകളിൽ പങ്കെടുക്കാൻ ആവശ്യപ്പെട്ടു. ഈ പ്രവർത്തനരീതിയെ പ്രോത്സാഹിപ്പിക്കാതെ, ഇതിലേക്ക് കൂടുതൽ ആദിവാസികളെ ഉൾപ്പെടുത്താതെ, നക്സലൈറ്റുകളുടെ വളർച്ചയെ പ്രതിരോധിക്കാതെ, ഗവർമെന്റ് ഹിമൻഷുവിനെതിരെ നടപടി സ്വീകരിക്കുകയാണ് ഉണ്ടായത്.

സാധാരണ വികസന പ്രവർത്തനങ്ങൾപോലും മുന്നോട്ട് കൊണ്ടുപോകാൻ നക്സലൈറ്റുകൾ സമ്മതിക്കുന്നില്ലെന്ന് ഗവൺമെന്റ് പരാതിപ്പെട്ടു. വസ്തുത എന്തെന്നുവച്ചാൽ ഈ തുടങ്ങാനിരിക്കുന്ന വികസന പരിപാടിയുടെ ഗുണഭോക്താവ് ആദിവാസികളാണ് എന്നതാണ്. ഇത് നക്സലിസം വളരാനുള്ള സാഹചര്യം ഉണ്ടാക്കികൊടുക്കും. സ്കൂളുകൾ പ്രവർത്തനരഹിതമാവുകയും, അതിൽ പാരാമിലിട്ടറി പ്രവർത്തനങ്ങൾ നടക്കുകയും ചെയ്തപ്പോഴാണ് നക്സലുകൾ അവയ്ക്ക് തീവെച്ചത്. എന്നാൽ ചോദ്യം ഇതാണ്, നക്സലൈറ്റുകൾ പ്രവർത്തിക്കാത്ത സ്ഥലങ്ങളിൽ ഗവൺമെന്റ് പരിപാടികൾ ശരിയായും കൃത്യമായുമാണോ നടന്നുവരുന്നത്? 80 അടി നീളമുള്ള ഗീതം-ബീജപ്പൂർ റോഡ് ഒരിക്കലും ആദിവാസികൾക്കു വേണ്ടിയല്ല. ഗവൺമെന്റ് വികസന തന്ത്രങ്ങൾ ആവിഷ്കരിക്കുമ്പോൾ അത് എപ്പോഴും ജനങ്ങളെ ലക്ഷ്യമിട്ടാകണം, ജനങ്ങൾക്കു വേണ്ടിയാകണം. ഗവൺമെന്റിന്റെ ഒളിഞ്ഞുള്ള അജണ്ടകൾ മനസ്സിലാക്കാൻ പ്രാപ്തി ഉള്ളവർ തന്നെയാണ് ജനങ്ങൾ. ആദിവാസികൾക്കായി ഛത്തീസ്ഗഡ്ഡിൽ രണ്ടു രൂപ നിരക്കിൽ അരി വിതരണം എന്ന പരിപാടി അവർക്ക് ഗുണം ചെയ്തില്ല. കാരണം ആ അരി വാങ്ങാനുള്ള റേഷൻ കാർഡ് അവരുടെ പക്കൽ ഇല്ലായിരുന്നു. കഴിഞ്ഞ തിരഞ്ഞെടുപ്പ് സാൽവാജുഡൂം ഹാളിലായിരുന്നതിനാൽ ഒട്ടുമിക്ക ആദിവാസികളും വോട്ടു ചെയ്തില്ല കാരണം അവിടത്തെ ജനങ്ങളുടെ സമീപനരീതി തന്നെ.

വിലക്ഷണമായ രീതിയിൽ ഗവൺമെന്റ് നക്സലൈറ്റ് ആക്രമണം നേരിടാൻ ആഗ്രഹിക്കുന്നു. അല്ലാതെ ഹിമാൻഷുവിനെ പോലുള്ള മാനവവാദിയുടെ സമീപനരീതിയിലല്ല വിശ്വസിക്കുന്നത്. എങ്കിലും അടിച്ചമർത്താൻ ആഗ്രഹിക്കുന്നില്ലെന്നു മാത്രമല്ല, ബിനായക്കിനും ഹിമൻഷുവിനുമെതിരായ നടപടികൾ വിസമ്മതം വ്യക്തമായതിനാൽ കർക്കശമായിരുന്നു. വി.സി.എ യെപോലുള്ള സംഘടനകളേയും ജനങ്ങളേയും ഒളിസ്ഥലങ്ങളിൽനിന്നും മാറ്റാൻ, ശ്രീലങ്കൻ സൈന്യം എൽ.ടി.ടി ഇക്കെതിരെ കൈകൊണ്ട നടപടി സ്വീകരിക്കണമെന്നത് ഉറപ്പാണ്. നക്സലൈറ്റുകൾക്ക് ഒളിക്കാൻ സാധിക്കാത്ത രീതിയിൽ റോഡരികിലെ മരങ്ങൾ വെട്ടിക്കളയണം. ഇത് ഒരു പക്ഷെ പ്രൈവറ്റ് കോർപ്പറേറ്റുകളുടെ അജണ്ടയായി യോജിച്ചേക്കാം. വി.



**ഹിമാൻഷു കുമാർ അക്രമികൾ തകർത്ത ആശ്രമത്തിൽ**

സി.എ പിടിച്ചെടുത്തിട്ടുള്ള ഭൂമിയിലൂടെയാണ് റ്റാറ്റ ബായ്ലാദിലാ താഴ്വരയിലെ എസ്സാർ ഇരുമ്പു ഖനികളിൽനിന്നും പൈപ്പ് വഴി ഇരുമ്പ് ലക്ഷ്യമായ വിശാഖപട്ടണത്തിൽ എത്തിക്കുന്നത്. സാൽവാജുഡൂം തികച്ചും ഭരണഘടനാപ്രശ്നം തന്നെയാണ്.



-യാഥാസ്ഥിതികത്വത്തിന്റേയും സമിതിയുടേയും വളർച്ച സാധാരണ ജനങ്ങളേയും പ്രവർത്തകരേയും അടിച്ചമർത്തലുകൾക്ക് വിധേയരാക്കുകയും അങ്ങനെ ജനാധിപത്യ വഴികൾ ചുരുങ്ങുകയും ചെയ്യുന്നു. ഇതൊരു ദേശീയ അനുഭവമായി മാറിയിരിക്കുകയാണ്. വിവിധ ചായയിലുള്ള സർക്കാറുകൾ ഇതിൽ ഒത്തുകൂടുന്നുണ്ട്. ഇതാണ് ബിനായക് സെൻ എതിർത്തിരുന്നത്, മാത്രമല്ല ഇതിനു വേണ്ടിയാണ് നെക്സലൈറ്റുകളെന്നും നക്സലൈറ്റ് അനുയായികളെന്നും മുദ്രകുത്തി അവരെ അറസ്റ്റു ചെയ്തത്. എന്നാൽ ശ്രദ്ധിക്കപ്പെടേണ്ടതെന്തെന്നു വച്ചാൽ ഈ രണ്ടു വർഷം നീണ്ടുനിന്ന കാലഘട്ടമാണ്. ഇതിൽ ബിനായക് സെന്നിന്റെ ആത്മാവ് അദ്ദേഹത്തോടൊപ്പം എപ്പോഴും ഉണ്ടായിരുന്നു. ഈ പാവപ്പെട്ടവരെയാണ് അദ്ദേഹം ഉയിർത്തെഴുന്നേൽപ്പിക്കാൻ ശ്രമിച്ചത്. ജനങ്ങൾക്കെതിരായ പാവങ്ങൾക്കെതിരായ ഈ ഗവൺമെന്റ് അജണ്ട മനസ്സിലാക്കിക്കൊടുത്ത് മാധ്യമത്തിന്റേയും മധ്യവർഗക്കാരുടേയും കണ്ണ് തുറപ്പിക്കാനാണ് അദ്ദേഹം ശ്രമിച്ചത്.

പ്രിയ കേരളീയം വായനക്കാരാ/രി, താങ്കൾ കേരളീയത്തോടൊപ്പം എന്നും ഉണ്ടായിരുന്നു. നമ്മൾ സാമ്പത്തിക പ്രതിസന്ധിയിലാണ്. ദയവായി വരിസംഖ്യ (240 രൂപ), കഴിയുന്ന സംഭാവന ഉടനെ അയച്ചുതരിക.
കേരളീയം, കൊക്കാലെ, തൃശൂർ-21.
ഫോൺ : 9446576943, 9446586943, 0487-2421385

## തിരിച്ച് പോക്ക് അസാദ്ധ്യം, ആഗ്രഹമുണ്ടെങ്കിൽ കൂടി

ബിനായക് സെന്നുമായി തെഹൽക്ക എക്സിക്യൂട്ടീവ് എഡിറ്റർ ഷോമ ചൗധരി നടത്തിയ അഭിമുഖത്തിന്റെ സംക്ഷിപ്തരൂപം (തെഹൽക്ക, ജൂൺ 2009)

**കാരാഗ്ര തടങ്കൽ അങ്ങയെ എങ്ങിനെ ബാധിച്ചു ?**

നീണ്ട നിശ്ശബ്ദതയ്ക്കു ശേഷം, ഒരു മനുഷ്യാവകാശ പ്രവർത്തകനെന്ന നിലയ്ക്ക് ജയിൽ വാസമനുഭവിച്ചിട്ടില്ല എന്നത് എന്റെ ഒരു വലിയ കുറവുതന്നെയായിരുന്നു (കുസൃതിച്ചിരി) 10 - 15 ദിവസം കിടക്കേണ്ടി വരുമെന്നേ കരുതിയുള്ളൂ. രണ്ടു കൊല്ലക്കാലം നീളുമെന്നറിഞ്ഞിരുന്നെങ്കിൽ ഇത്ര നിശ്ചയദാർഢ്യം ഉണ്ടാവില്ലായിരുന്നു. നിങ്ങൾക്ക് ജയിലിൽ പരിഗണനയൊന്നും കിട്ടില്ല. പുറംലോകത്തൊരിക്കലും നടപ്പാക്കാനാവാത്ത വിധം സമത്വം ജയിലനകത്തുണ്ട്. ഇത് എപ്പോഴും സന്തോഷദായകമാവണമെന്നില്ല. എനിക്ക് പക്ഷേ ഇത് രസകരമായി അനുഭവപ്പെട്ടു. ഭൗതിക സാഹചര്യങ്ങൾ വ്യത്യസ്ഥമാണെങ്കിലും എല്ലാവരും ഒരേതരം ബുദ്ധിമുട്ടുകൾ സഹിക്കുകയായിരുന്നു. ചുടുകാറ്റ്, കൊതുകടി, നാവിൽ വെയ്ക്കാൻ കൊള്ളാത്ത ഭക്ഷണം എന്നിങ്ങനെ. ഇതൊന്നും എന്നെ ബാധിച്ചില്ല. ജയിൽ രീതികൾ അഴിമതി സാന്ദ്രമാണ്. ഈ അഴിമതിക്ക് ചില പ്രായോഗിക മേന്മകളുണ്ട്. അതായത് നിയമവിരുദ്ധമാണെങ്കിലും എല്ലാ തടവുകാരുടെ കയ്യിലും സ്റ്റൗ ഉണ്ട്. രാവിലെ ആറുമണിക്ക് ഓരോരുത്തരും പരിപ്പുകറി ഉണ്ടാക്കുന്നത് നമുക്ക് കാണാം.

**ദീർഘകാല തടവിലാണകപ്പെട്ടിരിക്കുന്നത് എന്ന ബോധ്യമായപ്പോൾ വികാരവിക്ഷോഭമുണ്ടായോ ?**

മനസ്സു കലങ്ങിപ്പോയി. കുറച്ചു കഴിഞ്ഞപ്പോൾ എനിക്ക് പേരുകൾ ഓർക്കാൻ പറ്റാതായി. പരിചിതമായ വാക്കുകൾ പോലും. ഇതെന്നെ ഭയപ്പെടുത്തി. ഞങ്ങൾക്ക് ഏഴു നായ്ക്കളുണ്ട്. അവയുടെ പേരുകൾ എനിക്ക് ഓർമ്മിക്കാൻ കഴിഞ്ഞില്ല. ആശയവിനിമയത്തിന്റെ അഭാവം ഇങ്ങനെയുള്ള ആഘാതമാണ് നമ്മിൽ വരുത്തുക. എന്റെ മണ്ടയ്ക്കുള്ളിൽ രസകരമായ ആശയങ്ങളുണ്ടായിരുന്നു. പക്ഷേ, എഴുതാനായില്ല. ജയിലുകളിൽ മനുഷ്യപ്രകൃതിയുടെ നിരവധി സോദാഹരണപ്രകടന സാഹചര്യങ്ങളുണ്ട്. ഇത്തരം കാര്യങ്ങളെക്കുറിച്ച് ചിന്തിക്കാൻ എനിക്കവസരമുണ്ടായി. സെക്ഷൻ 302, 302 ആണെന്ന് നമുക്ക് തോന്നും. കൊലപാതകം. പക്ഷേ, അത് ആത്മരക്ഷയ്ക്കു വേണ്ടിയുള്ളതാവാം, കെട്ടിച്ചമച്ചതാവാം, കൊള്ളചെയ്യുമ്പോൾ കൊല്ലപ്പെട്ടതാവാം ഇത്തരം വിവിധ സാഹചര്യങ്ങളും, ഒരേ നിയമഘണ്ഡത്തിനുള്ളിൽ തർക്കിക്കപ്പെടുന്നു. 19 വയസ്സുള്ളപ്പോൾ അച്ഛനെ അടിച്ചുകൊന്നതിന് ജയിലിലായ ഒരു ചെറുപ്പക്കാരനായിരുന്നു ജയിൽ ജീവിതത്തിലെ എന്റെ ഏറ്റവും അടുത്ത സുഹൃത്ത്. കുടിയനായ അച്ഛനാൽ അമ്മ കൊല്ലപ്പെടുന്നത് തടഞ്ഞതിനാണ് അവൻ ജയിലിലായത്. ഭീകരസത്യം ജയിലധികാരികൾ തടവുകാരെ നീചരായി കണക്കാക്കുന്നുവെന്നതാണ്. അടിസ്ഥാന മാനുഷിക പരിഗണനപോലും അവർക്കു നിഷേധിക്കുന്നു. എല്ലാ സന്ധ്യയ്ക്കും ലാത്തികൊണ്ടും ചെരിപ്പുകൊണ്ടും തടവുകാരെ മർദ്ദിക്കുന്നത് ഞാൻ കാണാറുണ്ട്.

അതിനേക്കാൾ ഭീകരമായ ഭേദ്യങ്ങളും നടക്കാറുണ്ട് പരാതിപറഞ്ഞാൽ എന്റെ തലയിൽ നിലാവാണെന്ന് അധികാരികൾപറയും. നിരപാധികളായ ഒട്ടേറെപേർ ജയിലുകളിലുണ്ട് ചുരുങ്ങിയപക്ഷം അപരാധികളല്ലെന്ന് സ്വയം വിലയിരുത്തുന്നവർ അവർക്കും ഭേദ്യം മാത്രമാണ് മുമ്പിലുള്ളത്. എനിക്ക് നിസ്സഹായത അനുഭവപ്പെട്ടത് അത് കൊണ്ടാണ്. അക്രമമാണ് അവസാന പ്രതിവിധി എന്ന വിശ്വാസം എനിക്കില്ല. ഗാന്ധി പ്രണയം കൊണ്ടല്ല, ഗാന്ധിയുടെ ബനിയവ്യക്തിത്വത്തോട് യോജിപ്പില്ലതാനും) അക്രമം അവസാനമില്ലാത്ത ഒരു ചക്രമാണെന്നറിയാവുന്നതുകൊണ്ട്. ഒരു പ്രാവശ്യം ഈ വഴി തെരഞ്ഞെടുത്താൽ പുറത്തുപോകാൻ പറ്റില്ല. മാവോയിസ്റ്റുകളും സർക്കാരും അങ്ങനെയൊരു മൂലയിലാണ് അകപ്പെട്ടിരിക്കുന്നത്. ഒരു ഡോക്ടർ, വിശിഷ്യ ഒരു ശിശുരോഗ വിദഗ്ദൻ എന്ന നിലയ്ക്ക് പോഷകക്കുറവുകൊണ്ട് രോഗാതുരയായ ഒരു ശിശുവിനെ കണ്ടാൽ ഞാൻ ക്ഷോഭിക്കും. ആ ശിശു അങ്ങനെയാവാൻ പാടില്ല. ആകസ്മികമായി സംഭവിക്കുന്നതല്ല ഇത്തരം അസന്തുലിതാവസ്ഥ. ആരൊക്കെയോ മനപൂർവ്വം നിലനിർത്തുന്നതാണ് വിദഗ്ദവും ക്രൂരവുമായ രീതിയിൽ. സർക്കാരും മാവോയിസ്റ്റുകളുമായുള്ള യുദ്ധം ആരെങ്കിലുമൊക്കെ ഇടപെട്ട് അവസാനിപ്പിക്കണം. പകരം രാഷ്ട്രീയ ഇടപെടലുകളും ആശയ സംഘട്ടനങ്ങളും നടക്കണം.